ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എലത്തൂർ നിയോജക മണ്ഡലത്തിലെ 12 റോഡുകൾക്ക് 445.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. വർഷാടിസ്ഥാനത്തിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

2011-12	11.20 ലക്ഷം
2012-13	190.60 ലക്ഷം
2013-14	134.40 ലക്ഷം
2014-15	56.00 ലക്ഷം
2015-16	53.00 ലക്ഷം

(ബി) ഭരണാനുമതി ലഭിച്ച മൂന്ന് റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 23 റോഡുകൾക്ക് ഭരണാനുമതി നൽകാനുണ്ട്. ഇവയിൽ 12 റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്. മറ്റ് റോഡുകളുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

ഓഷ്യനേറിയം പദ്ധതി

168 (1995) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട്, പാരിസ്ഥിതിക അനുമതി എന്നിവയ്ക്കായി സമർപ്പിച്ചിരുന്ന അപേക്ഷയിൽ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി 15 കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഫിർമക്ക് അയച്ച കത്തിന് മറുപടി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള പാരിസ്ഥിതിക ആഘാതപഠന റിപ്പോർട്ട്, പാരിസ്ഥിതിക അനുമതി എന്നിവയ്ക്കായി സമർപ്പിച്ചിരുന്ന അപേക്ഷയിൽ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി പതിനഞ്ച് കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ഫിർമയ്ക്ക് ലഭിച്ചിട്ടില്ല. എന്നാൽ SEIAA-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മിനിറ്റ്സ് പ്രകാരം ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഫിർമ, എക്സിക്യൂട്ടീവ് ഡയറക്ടർ പരിസ്ഥിതി വകുപ്പിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly